# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4507 25.06.2019 -ൽ മറുപടിക്ക്

**ഭാഷാധ്യാപക തസ്തികകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിദ്യാർത്ഥികളുടെ കുറവ് കാരണം അറബിക്, സംസ്കൃതം, ഉറുദു തസ്തികകൾ പല സ്കൂളുകളിലും പാർട്ട് ടൈം ആകുന്നതിനോ തസ്തിക പൂർണ്ണമായി ഇല്ലാതാകുന്നതിനോ ഇടയായിട്ടുണ്ടോ; | എ | തസ്തിക നിർണയം നടത്തുമ്പോൾ വിദ്യാർത്ഥികളുടെ കുറവ് കാരണം ചില സ്കൂളുകളിലെ ഭാഷാധ്യാപക തസ്തികകൾ പാർട്ട്ടൈം ആകുകയും ഇല്ലാതാകുകയും ചെയ്തിട്ടുണ്ട്. ഓരോ വർഷവും സ്കൂളുകളിലുള്ള കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി തസ്തികകൾ സൃഷ്ടിക്കുന്നതിനാൽ ഇപ്രകാരം കുറവ് വരുന്നതും, കുട്ടികളുടെ എണ്ണം കൂടുമ്പോൾ തസ്തികകളുടെ എണ്ണം കൂടുന്നതും എല്ലാ വർഷവും സംഭവിക്കുന്നതാണ്. |
| ബി | ഭാഷാധ്യാപക തസ്തികകൾ നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ ഓപ്ഷണൽ വിഷയങ്ങളായ ഭാഷാധ്യാപക തസ്തികകളുടെ വിഷയത്തിൽ ഇളവ് നൽകി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പുതുക്കി നിശ്ചയിക്കാൻ തയ്യാറാവുമോ; വെളിപ്പെടുത്തുമോ? | ബി | തസ്തിക നഷ്ടപ്പെടുന്ന ഭാഷാധ്യാപകരെ സംരക്ഷിക്കുന്നതിനായി സർക്കാർ കഴിയുന്നത്ര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 26.12.2016 ലെ സ.ഉ (എം.എസ്) നമ്പർ 209/2016/പൊ.വി.വ പ്രകാരം 2015-16 അധ്യയന വർഷത്തെ തസ്തിക നിർണയത്തിന്റെ ഫലമായി തസ്തിക നഷ്ടം സംഭവിച്ച സംരക്ഷിതാധ്യാപകരുടെ ലിസ്റ്റിൽ ഉൾപ്പെട്ട സംസ്കൃതം/അറബിക്/ ഉറുദു ഭാഷാധ്യാപകരുടെ സേവനം മാതൃവിദ്യാലയത്തിൽ കൂടി |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനായി താഴെപറയും പ്രകാരം ക്രമീകരിച്ചിട്ടുണ്ട്. (ടി ഇളവ് 2016-17, 2017-18, 2018-19 വർഷങ്ങളിലും അനുവദിച്ചിട്ടുണ്ട്.)<br>**1) എൽ.പി വിഭാഗം അറബിക് ടീച്ചർ തസ്തിക**<br>കെ.ഇ.ആർ അധ്യായം XXIII റൂൾ 2 എ(1) പ്രകാരം 1 മുതൽ 4 വരെ ക്ലാസ്സുകളിൽ അറബിക് ഭാഷ പഠിക്കുന്ന ആകെ 28 കുട്ടികളോ, ഒരു ക്ലാസ്സിൽ ശരാശരി 7 കുട്ടികളോ ഉണ്ടെങ്കിലാണ് എൽ.പി. വിഭാഗത്തിൽ അറബിക് ഭാഷാധ്യാപകന്റെ ഒരു ഫുൾടൈം തസ്തിക അനുവദിക്കുന്നത്. പ്രസ്തുത ചട്ടത്തിന്റെ പ്രൊവിസോ പ്രകാരവും, 29.08.1982 ലെ സർക്കുലർ നമ്പർ-24574/ജെ1/1992/പൊ.വി.വ പ്രകാരവും ഒരു ക്ലാസ്സിൽ 7 കുട്ടികളെങ്കിലും അറബിക് പഠിക്കുന്നുവെങ്കിൽ പാർട്ട്ടൈം തസ്തിക അനുവദിക്കാവുന്നതാണ്. ഇപ്രകാരം കുട്ടികൾ ഉണ്ടെങ്കിൽ തസ്തിക നഷ്ടമായവരും, എന്നാൽ സംരക്ഷണത്തിന് അർഹതയുള്ളവരുമായ പ്രസ്തുത ഭാഷാധ്യാപകരുടെ നിലവിലുള്ള ആനുകൂല്യം നിലനിർത്തി അറബിക് പഠിപ്പിക്കുന്നതിനായി മാതൃവിദ്യാലയത്തിൽ തന്നെ സംരക്ഷിച്ച് നിർത്തിയിട്ടുണ്ട്.<br>**2) യു.പി.വിഭാഗത്തിലെ സംസ്കൃതം, അറബിക്, ഉറുദു ഭാഷാധ്യാപക തസ്തികകൾ** |

| | | | |
|---|---|---|---|
| | | | കെ.ഇ.ആർ അധ്യായം XXIII റൂൾ 6 (സി) പ്രകാരം യു.പി.വിഭാഗത്തിലെ സംസ്കൃതം, അറബിക്, ഉറുദു ഭാഷാധ്യാപക തസ്തികകൾ തുടരുന്നതിന് 5 മുതൽ 7 വരെ ക്ലാസ്സുകളിൽ ആകെ കുറഞ്ഞത് 30 കുട്ടികൾ അല്ലെങ്കിൽ V-12, VI-6, VII-3 എന്ന ക്രമത്തിൽ കുറഞ്ഞത് 21 കുട്ടികൾ പ്രസ്തുത ക്ലാസ്സിൽ പഠിക്കാനുണ്ടാകണം. 5 മുതൽ 7 വരെ ക്ലാസ്സുകളിൽ പ്രസ്തുത ഭാഷ പഠിക്കാൻ ആകെ 24 കുട്ടികൾ അല്ലെങ്കിൽ V-10, VI-15, VII-3 എന്ന ക്രമത്തിൽ കുറഞ്ഞത് 18 കുട്ടികളുണ്ടെങ്കിൽ, തസ്തിക നഷ്ടമായവരും സംരക്ഷണത്തിന് അർഹതയുള്ളവരുമായ ടി ഭാഷാധ്യാപകരെ 05.08.2016 ലെ സ.ഉ (പി) നമ്പർ 134/2016/പൊ.വി.വ പ്രകാരം പുനർവിന്യസിക്കപ്പെട്ട/ പുനർവിന്യസിക്കപ്പെടുന്ന തസ്തികകളിൽ നിന്നും (സി.ആർ.സി - കോ-ഓർഡിനേറ്റർമാർ ഉൾപ്പെടെ) 3 ദിവസം പ്രസ്തുത ഭാഷകൾ പഠിപ്പിക്കുന്നതിനായി മാതൃവിദ്യാലയത്തിൽ നിയോഗിച്ച് കൊണ്ട് നിലനിർത്തിയിട്ടുണ്ട്.<br>**3) ഹൈസ്കൂൾ വിഭാഗ ത്തിലെ സംസ്കൃതം, അറബിക്, ഉറുദു ഭാഷാധ്യാപക തസ്തിക കൾ**<br>കെ.ഇ.ആർ അധ്യായം XXIII, റൂൾ 6 (ഇ) പ്രകാരം ഹൈസ്കൂൾ വിഭാഗത്തിലെ സംസ്കൃതം, അറബിക്, ഉറുദു ഭാഷാധ്യാപക |

| | | | |
|---|---|---|---|
| | | | തസ്തികകൾ തുടരുന്നതിന് 8 മുതൽ 10 വരെ ക്ലാസ്സുകളിൽ ആകെ കുറഞ്ഞത് 25 കുട്ടികൾ അല്ലെങ്കിൽ VIII-10, IX-5, X-3 എന്ന ക്രമത്തിൽ കുറഞ്ഞത് 18 കുട്ടികളെങ്കിലും പ്രസ്തുത ഭാഷ പഠിക്കാനുണ്ടാകണം. 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പ്രസ്തുത ഭാഷ പഠിക്കാൻ ആകെ 20 കുട്ടികൾ അല്ലെങ്കിൽ VII-8, IX-4, X-3 എന്ന ക്രമത്തിൽ 15 കുട്ടികളുണ്ടെങ്കിൽ ഫുൾടൈം തസ്തിക നഷ്ടമായവരും, എന്നാൽ തസ്തിക സംരക്ഷണത്തിന് അർഹതയുള്ളവരുമായ ടി ഭാഷാധ്യാപകരെ 05.08.2016 ലെ സ.ഉ – (പി) നമ്പർ134/ 2016/പൊ.വി.വ. പ്രകാരം പുനർവിന്യസിക്കപ്പെട്ട/ പുനർവിന്യസിക്കപ്പെടുന്ന തസ്തിക യിൽ നിന്നും (സി.ആർ.സി കോ-ഓർഡിനേറ്റർമാർ ഉൾപ്പെടെ) 3 ദിവസം പ്രസ്തുത ഭാഷകൾ പഠിപ്പിക്കുന്നതിനായി മാതൃവിദ്യാലയ ത്തിൽ നിയോഗിച്ച് കൊണ്ട് നില നിർത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**